66700

File No.JDITSF-27/2019-FIN

"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (ഐ റ്റി. എസ്സ്. എഫ്) വകുപ്പ്**

നം. 03/2020/ധന — തിരുവനന്തപുരം തീയതി : 07.01.2020

**<u>സർക്കുലർ</u>**

വിഷയം :- ഇ-ഗവേർണൻസ് – വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം (VEELS) – വാഹന സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. 11.11.2019 ലെ പരിപത്രം നം. 88/2019/ധന.
2. 21.11.2019 ലെ പരിപത്രം നം. 91/2019/ധന.

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ 31.12.2019 ന് മുമ്പായി വീൽസ് ഡാറ്റാ ബേസിൽ ലഭ്യമാക്കുവാൻ സൂചന രണ്ട് പ്രകാരം നിർദ്ദേശിച്ചിരുന്നു.

എന്നാൽ പ്രസ്തുത സമയ പരിധിക്കുള്ളിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പൂർണ്ണമായ വിവരങ്ങൾ veels.kerala.gov.in -ൽ ലഭ്യമാക്കിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. veels.kerala.gov.in -ൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സമയപരിധി 20.01.2020 വരെ ദീർഘിപ്പിച്ചിരിക്കുന്നു.
2. ബഡ്ജറ്റ് സംബന്ധിച്ചുള്ള ആവശ്യങ്ങൾക്കായി വിവരങ്ങൾ വീൽസ് ഡാറ്റബേസിൽ നിന്നും ശേഖരിക്കുന്നതിനാൽ വിവരങ്ങൾ പൂർണ്ണവും കൃത്യവുമാണെന്ന് നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.
3. എല്ലാ നിയന്ത്രണാധികാരികളും അവരുടെ വകുപ്പിലെ വാഹനം/ഡ്രൈവർ എന്നിവ സംബന്ധിച്ച കൃത്യമായ വിവരമാണ് ലഭ്യമാക്കിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ തങ്ങളുടെ വകുപ്പുകളുടേതല്ലാത്ത വാഹന വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതുമാണ്.
4. VEELS -ൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സംശയ നിവാരണത്തിനായി 1800-425-1857 എന്ന ടോൾ ഫ്രീ Helpline നമ്പറിലേക്ക് വിളിക്കാവുന്നതാണ്.

**മിനി. വി. ആർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് യൂണിവേഴ്സിറ്റി, തൃശ്ശൂർ.
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി. തിരൂർ, മലപ്പുറം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (അക്കൗണ്ട്സ് എ,ബി, സാങ്കേതികേതര പരിശോധന) വകുപ്പ്.
ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ (JDITSF/27/2019-FIN-E.1339818)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**